# കേരളത്തിൽ നീര ഉത്പാദനം പാടില്ലെന്നത് വിരോധാഭാസം -മന്ത്രി കെ.പി. മോഹനൻ



വേങ്ങേരി കാർഷിക മൊത്തവിപണന കേന്ദ്രത്തിലെ കൊപ്ര ഡ്രയറിന്റെ ഉദ്ഘാടനം കൃഷിമന്ത്രി കെ.പി. മോഹനൻ നിർവഹിക്കുന്നു

**കോഴിക്കോട്:** കേരളത്തിൽമാത്രം നീര ഉത്പാദനം പാടില്ലെന്നത് വിരോധാഭാസമാണെന്ന് കൃഷിമന്ത്രി കെ.പി. മോഹനൻ പറഞ്ഞു. കൃഷിഭവൻ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിന്റെ മലബാർ മേഖലാതല ഉദ്ഘാടനം വേങ്ങേരി കാർഷിക മൊത്തവിതരണകേന്ദ്രത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

എക്സൈസ് വകുപ്പുമായും കർഷക-തൊഴിലാളി സംഘടനകളുമായും ബന്ധപ്പെട്ട് നീര ഉത്പാദിപ്പിക്കാനുള്ള അനുവാദം നേടിയെടുക്കാൻ ശ്രമിക്കും. സംഭരിക്കുന്ന നാളികേരത്തിൽനിന്നുള്ള തൊണ്ട് കയർ വകുപ്പിനും ചിരട്ട മലിനീകരണ നിയന്ത്രണ വകുപ്പിനും നൽകും. പഞ്ചായത്ത്‌വകുപ്പുമായി സഹകരിച്ച് തരിശുഭൂമിരഹിത പഞ്ചായത്തുകൾ സൃഷ്ടിക്കാൻ ശ്രമം ആരംഭിച്ചുകഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. പച്ചത്തേങ്ങ സംഭരണോദ്ഘാടനം കർഷകനായ രജിത്തിൽനിന്ന് തേങ്ങ സ്വീകരിച്ച് മന്ത്രി നിർവഹിച്ചു. ഡ്രയറും മന്ത്രി ഉദ്ഘാടനം ചെയ്തു.

പച്ചക്കറി ഗ്രോബാഗ് വിതരണം മന്ത്രി എം.കെ. മുനീർ നിർവഹിച്ചു. എം.കെ. രാഘവൻ എം.പി. അധ്യക്ഷത വഹിച്ചു. കേരഫെഡ് ചെയർമാൻ മനയത്ത് ചന്ദ്രൻ, കൃഷിവകുപ്പ് അഡീഷണൽ ഡയറക്ടർ എൻ. വിജയൻ, കേരഫെഡ് എം.ഡി. അശോക്കുമാർ തെക്കൻ, കൗൺസിലർമാരായ ഒ. സദാശിവൻ, കെ.സി. ശോഭിത, പി.കിഷൻ ചന്ദ്, കമല രഘുനാഥ്, അങ്കത്തിൽ അജയകുമാർ, എം.എ.റസാഖ്, കെ.സി.അബു, ജോൺ പൂതക്കുഴി, മുരുകേശൻ പിള്ള, ഷർമദ്ഖാൻ, കെ.എം.നിസാർ, സി.വീരാൻകുട്ടി തുടങ്ങിയവർ സംസാരിച്ചു.

കർഷക പെൻഷനും റിവോൾവിങ് ഫണ്ടും ചടങ്ങിൽ വിതരണം ചെയ്തു. കോഴിക്കോട് ആത്മയുടെ നേതൃത്വത്തിൽ കൃഷി-ക്ഷീരവികസന- മൃഗസംരക്ഷണ വകുപ്പുകളുടെ നേതൃത്വത്തിൽ പ്രദർശനവും സംഘടിപ്പിച്ചിരുന്നു. കോഴിക്കോട് കണ്ണൂർ, കാസർകോട്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം ജില്ലകളിൽ നിന്നാണ് ആദ്യഘട്ടത്തിൽ പച്ചത്തേങ്ങ സംഭരിക്കുക.